LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ

105 [3361] *ശ്രീ. സി. കെ. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ വികസനത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെയോ, മറ്റ് ഏജൻസികളുടേയോ സഹായത്തിനായി ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ്, മത്സ്യ ബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖേന നൽകുന്ന ആനുകൂല്യങ്ങളുടെയും ക്ഷേമപദ്ധതികളുടെയും വിവരങ്ങൾ അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

(ബി) & (സി) ഉണ്ട്.

2005-2006 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ:

1. സംയോജിത മത്സ്യവികസന പദ്ധതി.
2. നാടൻ വള്ളങ്ങളുടെ നവീകരണം.
3. ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതി.
4. ദേശീയ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ പദ്ധതി.
5. ഭവന നിർമ്മാണ പദ്ധതി.
6. മത്സ്യബന്ധന തുറമുഖങ്ങളുടെ ആഴം കൂട്ടൽ.
7. മത്സ്യബന്ധന തുറമുഖങ്ങളുടെയും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിർമ്മാണം.

കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ:

1. കോമ്പ്രഹെൻസീവ് ഇൻഷ്വറൻസ്.
2. ബോട്ടുകൾക്കുള്ള ഡീസൽ സബ്സിഡി.
3. വനിതാ മത്സ്യത്തൊഴിലാളികളുടെ സ്വയംസഹായ സംഘങ്ങൾക്ക് വിപണനത്തിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ.

---

† അനുബന്ധം VIII കാണുക.

4. തലായിയിലും കൊയിലാണ്ടിയിലും പുതിയ ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

5. കടൽ സുരക്ഷാസംവിധാനത്തിന്റെ ഭാഗമായി ജി.പി.എസ്., വയർലസ് എന്നിവ ബോട്ടുകൾക്ക് നൽകുന്നതിനുള്ള പദ്ധതി.

അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇവ നടപ്പിലാക്കുന്നതാണ്.

കടലേറ്റംമൂലം ഭവനരഹിതരായവർ

106 [3362] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലമുള്ള കടലേറ്റം കാരണം ഭവനരഹിതരായി ഇപ്പോഴും സ്കൂളുകളിലും ആശ്രയ കേന്ദ്രങ്ങളിലും കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കുടുംബങ്ങളിൽ ആകെ എത്ര അംഗങ്ങളാണ് ഉള്ളത്; എവിടെയൊക്കെയാണ് ഇവരുടെ ക്യാമ്പുകൾ;

(സി) ഇവരെ പുനരധിവസിപ്പിക്കുവാൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് നടപ്പിലാക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 95 കുടുംബങ്ങൾ സംസ്ഥാനത്തെ വിവിധ തീരദേശ ജില്ലകളിൽ സ്കൂളുകളിൽ കഴിയുന്നു.

(ബി) ഈ കുടുംബങ്ങളിൽ ആകെ അംഗങ്ങൾ 378 ആണ്. തിരുവനന്തപുരം ജില്ലയിലെ 41 അംഗങ്ങളെ വലിയതുറ ഗവൺമെന്റ് യു. പി. സ്കൂളിലും കൊല്ലം ജില്ലയിൽ 107 പേരെ ഇരവിപുരം സെന്റ് ജോർജ്ജ് സ്കൂളിലും എറണാകുളം ജില്ലയിൽ 140 അംഗങ്ങളെ പുത്തൻവേലിക്കര, പറവൂർ, ചേന്ദമംഗലം എന്നിവിടങ്ങളിലുള്ള ക്യാമ്പുകളിലും മലപ്പുറം ജില്ലയിൽ 90 അംഗങ്ങളെ പൊന്നാനി പാലപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂളിലുമാണ് പാർപ്പിച്ചിട്ടുള്ളത്.

(സി) കൊല്ലത്ത് ഇരവിപുരം, നീണ്ടകര, ചവറ, ആലപ്പാട് എന്നിവിടങ്ങളിലെ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സന്നദ്ധസംഘടനകൾ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് വീട് വയ്ക്കാൻ ധനസഹായം നൽകുവാനും തിരുവനന്തപുരം വലിയതുറ യു. പി. സ്കൂളിൽ കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഓരോ കുടുംബത്തിനും 2 സെന്റ് സ്ഥലവും ഭവന നിർമ്മാണത്തിന് 40,000 രൂപ വീതവും നൽകുവാനും ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly